<u>പത്രക്കുറിപ്പ്</u>

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

12.02.2021

# സ്കൂളുകളിൽ യൂനിഫോം നിർബന്ധമാക്കരുതെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ

സംസ്ഥാനത്ത് എല്ലാ സ്കൂളുകളിലും ഈ അദ്ധ്യയന വർഷം പത്ത്, പന്ത്രണ്ട് ക്ലാസുകളിൽ പുതിയ യൂനിഫോം നിർബന്ധമാക്കരുതെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ഉത്തരവായി. ഏതെങ്കിലും കുട്ടിക്ക് നിലവിലുള്ള യൂനിഫോം ഉപയോഗിക്കാൻ പറ്റാത്ത സാഹചര്യമുണ്ടെങ്കിൽ മറ്റ് വസ്ത്രങ്ങൾ ധരിക്കാൻ പ്രഥമാദ്ധ്യാപകൻ അനുവാദം നൽകണം. ഇക്കാര്യം പൊതുവിദ്യാഭ്യാസ സെക്രട്ടറിയും ഡയറക്ടറും സർക്കുലർ പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ അംഗം ഫാ. ഫിലിപ്പ് പരക്കാട്ട് പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കി.

കോവിഡ് മഹാമാരിയെ തുടർന്ന് നടപ്പ് അദ്ധ്യയന വർഷം ജനുവരിയിൽ മാത്രം ക്ലാസുകൾ ആരംഭിച്ചതിനാൽ യൂനിഫോമിന്റെ ആവശ്യകത ഉണ്ടായിരുന്നില്ല. എന്നാൽ 10, 12 ക്ലാസുകൾ ആരംഭിച്ചതോടെ രക്ഷിതാക്കളുടെ അനുമതിയോടെ കുട്ടികൾക്ക് ക്ലാസുകളിൽ പങ്കെടുക്കാൻ സർക്കാർ അനുമതി നൽകി. ഈ സന്ദർഭത്തിൽ സ്കൂളിന്റെ അച്ചടക്ക നടപടിയുടെയും സുരക്ഷയുടെയും ഭാഗമായി നിലവിൽ ഉപയോഗപ്രദമായ യൂനിഫോം ഉള്ള കുട്ടികൾക്ക് അത് ധിരിച്ച് വരാവുന്നതാണ്. എന്നാൽ സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന രക്ഷിതാക്കളോട് രണ്ടു മാസത്തെ ഉപയാഗത്തിനായി പുതിയ യൂനിഫോം തയ്പ്പിച്ച് കുട്ടികളെ സ്കൂളിൽ അയയ്ക്കാൻ നിർദേശിക്കുന്നത് ഉചിതമല്ലെന്ന് കമ്മീഷൻ വിലയിരുത്തി. ഇത്തരം സാഹചര്യം ഉണ്ടായാൽ രക്ഷിതാവ് സ്കൂൾ ഹെഡ്മാസ്റ്ററിനോ പ്രിൻസിപ്പലിനോ അപേക്ഷ നൽകുകയും അധികാരികൾ അതുപ്രകാരം കുട്ടിയെ യൂനിഫോം ഒഴിവാക്കി മറ്റ് വസ്ത്രങ്ങൾ ധരിക്കുന്നതിന് അനുവദിക്കുകയും ചെയ്യണം.

സി.ആർ.എം.പി നമ്പർ: 1177/01-C/CI/2021, തീയതി: 11.02.2021

# ഡ്രൈവറുടെ ഡെപ്യൂട്ടേഷൻ ഒഴിവ്

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ ഡ്രൈവർ തസ്തികയിലേയ്ക്ക് സബോർഡിനേറ്റ് സർവീസിൽ ഇതേ തസ്തികയിൽ ജോലി ചെയ്യുന്നവരിൽ നിന്ന് ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ നൽകേണ്ട അവസാന തീയതി മാർച്ച് 12. വിവരങ്ങൾ വാൻറോസ് ജംഗ്ഷനിലുള്ള കമ്മീഷന്റെ ഓഫീസിലും www.kescpcr.kerala.gov.in വെബ് സൈറ്റിലും ലഭ്യമാണ്.

ഫയൽ നമ്പർ: 129/A1/2014, തീയതി: 12.02.2021

## ഡാറ്റാ എൻട്രി ഓപ്പറേറ്റർ

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ വിദ്യാഭ്യാസ അവകാശനിയമം വിഭാഗത്തിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ ഒഴിവിൽ ഒരു വർഷത്തെ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ നൽകേണ്ട അവസാന തീയതി മാർച്ച് 12. വിവരങ്ങൾ വാൻറോസ് ജംഗ്ഷനിലുള്ള കമ്മീഷന്റെ ഓഫീസിലും www.kescpcr.kerala.gov.in വെബ് സൈറ്റിലും ലഭ്യമാണ്.

ഫയൽ നമ്പർ: 10389/A1/2018, തീയതി: 12.02.2021

## ബാലസൗഹൃദ കേരളം ദ്വിദിന പരിപാടി: ക്വട്ടേഷൻ ക്ഷണിച്ചു

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബാലസൗഹൃദകേരളം പരിപാടി യുടെ ഭാഗമായി ഫെബ്രുവരി 19, 20 തീയതികളിൽ തിരുവനന്തപുരം ജില്ലയിൽ നടത്തുന്ന പരിപാടിയിൽ വിവിധ സേവനങ്ങൾക്കായി മത്സരസ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു. ബാഗ് (തുണി), റൈറ്റിംഗ് പാഡ് (പ്ലാനർ വിത്ത് നോട്ട്സ്), സാനിറ്റൈസർ (ചെറിയ കുപ്പി), സർജിക്കൽ മാസ്ക്, പേന എന്നിവയ്ക്കും സൗണ്ട് സിസ്റ്റം (കോർഡ്ലെസ് മൈക്ക് സഹിതം), ബാക് ഡ്രോപ്പ്, ബാനർ, എൽ.ഇ.ഡി വാൾ, ഫോട്ടോ എന്നിവയ്ക്കും പ്രത്യേകം ക്വട്ടേഷനുകൾ സമർപ്പിക്കണം.

വിവരങ്ങൾ വാൻറോസ് ജംഗ്ഷനിലുള്ള കമ്മീഷന്റെ ഓഫീസിലും www.kescpcr.kerala.gov.in വെബ് സൈറ്റിലും ലഭ്യമാണ്.

ഫയൽ നമ്പർ: 5209/A3/2021, തീയതി: 12.02.2021

**പബ്ലിക് റിലേഷൻസ് ഓഫീസർ**